പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 84** **12-10-2026-ൽ മറുപടിയ്ക്ക്**

**കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിലെ നിലവിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണ്; കിഫ്ബി പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

**മറുപടി:** കോതമംഗലം നിയജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ധനാനുമതി നൽകി നിലവിൽ നടത്തി വരുന്ന പ്രവർത്തികളുടെ അനുവദിച്ച തുക, പ്രവൃത്തിയുടെ പദ്ധതി നിർവഹണ ഏജൻസി നിലവിലത്തെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധത്തിൽ ചേർക്കുന്നു

**(ബി)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തങ്കളം - കാക്കനാട് നാലുവരി പാതയുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവു പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച തങ്കളം - കാക്കനാട് നാലുവരിപ്പാതയുടെ കി.മീ 0/000 മുതൽ 27/324 വരെയുള്ള ഭാഗമാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച KRFB മുഖേന നിർവ്വഹിക്കാൻ ഉത്തരവായിട്ടുള്ളത്. ഇതിൽ ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (Ch. 20/000 – 27/234) 7.234 കി.മീ ഭാഗത്തിന്റെ DPR കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും മുഴുവൻ സ്ട്രെച്ചും ഉൾപ്പെടുത്തി സമഗ്രമായ DPR സമർപ്പിക്കാൻ നിർദ്ദേശിച്ചു കൊണ്ട് കിഫ്ബി KRFB-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേന തയ്യാറാക്കി സമർപ്പിച്ച അലൈൻമെന്റിൽ IRC മാനദണ്ഡ പ്രകാരം പരമാവധി അനുവദനീയമായ ഗ്രേഡിയന്റായ 8 ശതമാനത്തിന് മുകളിൽ വരുന്ന ഭാഗങ്ങൾ വരുന്നതിനാൽ കിഫ്ബിയിൽ നിന്നും സ്ഥലപരിശോധന നടത്തി നിലവിലെ അലൈൻമെന്റ് പ്രായോഗികമല്ലെന്ന് കണ്ടെത്തി ബദൽ അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്താൻ KRFB-ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിൻ പ്രകാരം KRFB കിഫ്ബി TRC വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ പഠനം നടത്തുകയും ഇപ്രകാരം പരിഗണിച്ച ബദൽ അലൈൻമെന്റിന്റെ ഒരു ഭാഗം മറ്റൊരു

കിഫ്ബി പദ്ധതിയായ മൂവാറ്റുപുഴ – കാക്കനാട് റോഡുമായി ചേർന്ന് വരുന്നതിനാൽ 24/05/2024-ന് കിഫ്ബിയിൽ വച്ച് നടന്ന അവലോകന യോഗത്തിൽ ഈ രണ്ട് റോഡുകളും സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകി. തുടർന്ന് സ്ഥലപരിശോധനകൾക്ക് ശേഷം കണ്ടെത്തിയ തങ്കളം മുതൽ വീട്ടൂർ വരെ 11.816 കി.മീ വരുന്ന രണ്ടുവരിപ്പാതയായി വിഭാവനം ചെയ്ത ആദ്യ സ്ട്രെച്ച് ഫീസിബിൾ ആണെന്ന് KRFB നൽകിയ റിപ്പോർട്ട് പരിഗണിച്ച് മതിയായ പാർശ്വസംരക്ഷണ പ്രവൃത്തികൾ 15 മീറ്ററിനുള്ളിൽ ഉൾപ്പെടുത്താമെന്ന് KRFB-ക്ക് ബോധ്യമുള്ള പക്ഷം ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കലിനുള്ള പ്രൊപ്പോസൽ ധനാനുമതിക്കായി സമർപ്പിക്കാവുന്നതാണ് എന്ന് കിഫ്ബി KRFB-ക്ക് നിർദ്ദേശം നൽകി. ഇതോടൊപ്പം മൂവാറ്റുപുഴ – കാക്കനാട് റോഡിൽ ഉൾപ്പെട്ട് വരുന്ന രണ്ടാമത്തെ സ്ട്രെച്ചായ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്തെ റൈറ്റ് ഓഫ് വേ 15 മീറ്ററായി പരിഷ്കരിച്ച് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. മൂന്നാമത്തെ സ്ട്രെച്ചായ കിഴക്കമ്പലം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള ഭാഗത്തെ പഠനം പ്രാഥമിക ഘട്ടത്തിലുമാണ്. തുടർന്ന് ബഹു. കോതമംഗലം എം.എൽ.എയുടെ നിർദ്ദേശ പ്രകാരം 09.09.2026-ന് തങ്കളം - കാക്കനാട് നാലുവരിപ്പാത സംബന്ധിച്ച് കിഫ്ബി ആസ്ഥാനത്ത് വച്ച് ബഹു. ഇടുക്കി എം.പി കൂടി പങ്കെടുത്ത അവലോകന യോഗത്തിൽ പദ്ധതിക്കായി മുമ്പ് സമർപ്പിച്ചിരുന്ന പഴയ അലൈൻമെന്റ് തന്നെ പരിഗണിക്കണമെന്ന ബഹു. എം.എൽ.എ ആവശ്യം പരിശോധിക്കുന്നതിനായി സൈറ്റ് വിസിറ്റ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25.09.2026-ന് ബഹു. ചാലക്കുടി എം.പി, ബഹു. പെരുമ്പാവൂർ എം.എൽ.എ, ബഹു. കോതമംഗലം എം.എൽ.എ, ബഹു. കുന്നത്തുനാട് എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ പെരുമ്പാവൂർ റെസ്റ്റ് ഹൌസിൽ വച്ച് സ്ഥല പരിശോധനക്ക് മുന്നോടിയായുള്ള ഒരു അവലോകനയോഗം ചേരുകയും പഴയ അലൈൻമെന്റ്, കിഫ്ബി TRC മുഖേന പഠനം നടത്തി കണ്ടെത്തിയ ബദൽ അലൈൻമെന്റ് എന്നിവയിൽ ഏത് തെരഞ്ഞെടുക്കണം എന്നത് സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തേണ്ടതാണെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു. കിഫ്ബി TRC മുഖേന കണ്ടെത്തിയ ബദൽ അലൈൻമെന്റ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്ന രണ്ടുവരിപ്പാതയ്ക്ക് പകരം നാലുവരിപ്പാതയായി തന്നെ വികസിപ്പിക്കേണ്ടത് അനിവാര്യമാണന്ന നിർദ്ദേശം യോഗത്തിൽ ബഹു. എം.പിയും ബഹു. കോതമംഗലം എം.എൽ. എയും ഉന്നയിച്ചു. തുടർന്ന് പഴയ അലൈൻമെന്റ് പരിശോധിക്കുന്നതിനായി അന്നേ ദിവസം തന്നെ കിഫ്ബി, KRFB ഉദ്യോഗസ്ഥർ സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തിരുന്നു. സ്ഥലപരിശോധനയിൽ പല ഭാഗത്തും ഗ്രേഡിയന്റ് 10 ശതമാനത്തിൽ അധികരിക്കുന്നതിനാൽ അലൈൻമെന്റിന്റെ സാങ്കേതികമായ ഫീസിബിലിറ്റി ഉറപ്പുവരുത്തുന്നതിനായി Vertical profile പരിഷ്കരിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തുകയും ചെയ്തിരുന്നു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് മേൽ നിർദ്ദേശ പ്രകാരം പരിഷ്കരിച്ച പഴയ അലൈൻമെന്റ്

പ്രകാരവും, കിഫ്ബി TRC വിഭാഗം ബദൽ അലൈൻമെന്റ് നാലുവരിപ്പാതയായി പരിഷ്കരിച്ച പ്രകാരവും വെവ്വേറെ പ്രൊപ്പോസലുകളും ഡ്രോയിംഗുകളും തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം രണ്ട് പ്രൊപ്പോസലുകളും അന്തിമമാകുന്ന മുറയ്ക്ക് സാങ്കേതികമായ ഫീസിബിലിറ്റിയും എസ്റ്റിമേറ്റ് ചെയ്യുന്ന ചെലവും താരതമ്യ പഠനം നടത്തി ഏറ്റവും അനുയോജ്യമായ അലൈൻമെന്റ് തെരഞ്ഞെടുക്കുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. 13/08/2026 ൽ നടന്ന കിഫ്ബിയുടെ ജനറൽ ബോഡി യോഗത്തിൽ നിലവിൽ ഭരണാനുമതി മാത്രം ഉള്ള പദ്ധതികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷംമാത്രം മുന്നോട്ടുപോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിവരം പദ്ധതി നിർവഹണ ഏജൻസിയെ അറിയിച്ചിട്ടുള്ളതുമാണ്. അപ്രകാരം ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് അനുമതി ലഭിക്കുന്ന മുറക്ക് കിഫ്ബി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** 16.03.2018 ലെ സ.ഉ (സാ.ധാ) നം 38/2018/കാ.യു.വ പ്രകാരം കോതമംഗലം ചേലാട് സ്റ്റേഡിയം കിഫ്ബി ഫണ്ടോട് കൂടി നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു.ഈ പ്രവൃത്തിക്കായി ആദ്യം കിറ്റ്കോയെ ആയിരുന്നു പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോയെ ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB പ്രകാരം 15,83,32,006/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. തുടർന്ന് 20.03.2022 ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം ധനാനുമതി 17,14,60,757/- രൂപയായി ഉയർത്തി നൽകുകയും ചെയ്തിരുന്നു. നിർവഹണ ഏജൻസി ആയ കിറ്റ്കോ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. എന്നാൽ, സ്റ്റേഡിയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വില്ലേജ് രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് ഭൂമിയുടെ തരം മാറ്റേണ്ടതുണ്ടായിരുന്നു. ഇക്കാരണത്താൽ അന്ന് കരാറുകാരനുമായി കരാറിലേർപ്പെടാൻ കിറ്റ്കോയ്ക്ക് കഴിഞ്ഞില്ല.കിറ്റ്കോ സമർപ്പിച്ച ഭൂമി തരംമാറ്റൽ അപേക്ഷ സംസ്ഥാനതല സമിതി നിരസിച്ചിരുന്നു . ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട് കിറ്റ്കോ നടപടികൾ സ്വികരിച്ച് വരികെ 26.04.2025 ലെ സർക്കാർ ഉത്തരവ് സ.ഉ (സാ.ധാ) നം 108/2025/കാ.യു.വ പ്രകാരം കിറ്റ്കോയെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിക്കുകയുണ്ടായി.

നിലവിൽ ടി പ്രവൃത്തിയുടെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട്

ഡൈവെർഷൻ ഡിസൈൻ ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിൽ (IDRB) യിൽ നിന്നും 17.07.2025 ൽ ലഭിച്ച റെയിൻ ഫാൾ & ഡിസ്ചാർജ്ജ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഡിസൈനും ലാൻഡ് കൺവെർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി, 18.09.2025-ാം തീയ്യതിയിൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചിരുന്നു. 15.10.2025 തീയ്യതിയിൽ സംസ്ഥാനതല സമിതി അംഗവും, തൃശ്ശൂരിലെ കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവിറോണ്മെന്റ് സയൻസ് ഡീനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിരുന്ന ഡൈവെർഷൻ കനാലിന്റെ ലേഔട്ടും മറ്റ് അനുബന്ധ രേഖകളും 24.10.2025 തീയ്യതിയിൽ സമർപ്പിച്ചിരുന്നു. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ 17.11.2025 ലെ സംസ്ഥാനതല സമിതി പരിശോധിക്കുകയും തുടർ രേഖകൾ 07.01.2026 ന് കത്ത് മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി രേഖകൾ 21.01.2026 ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലാൻഡ് കൺവേർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ പരിഗണനയിലാണ്. പദ്ധതി നിർവഹണ ഏജൻസി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, ചെയ്ഞ്ച് റൂം, ഫ്ളെഡ് ലൈറ്റ്, സ്പ്രിംഗ്ളർ, സംപ് & പമ്പ് റൂം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയ 21.46 കോടി രൂപയുടെ ഡി.പി.ആർ 02.02.2026 തീയ്യതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ പരിശോധിച്ച ശേഷം 30.05.2026 ൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ ഫയൽ പദ്ധതി നിർവഹണ ഏജൻസിക്കു തിരിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമായിട്ടുണ്ട്. ഇതേ തുടർന്ന് പുതുക്കിയ ഭരണാനുമതിക്കായി 18.02.2026 ൽ കായിക യുവജനകാര്യാലയത്തിലേക്ക് പദ്ധതി നിർവഹണ ഏജൻസി അപേക്ഷ നൽകിയിട്ടുണ്ട്. 13/08/2026 ൽ നടന്ന കിഫ്ബിയുടെ ജനറൽ ബോഡി യോഗത്തിൽ നിലവിൽ ഭരണാനുമതി മാത്രം ഉള്ള പദ്ധതികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷം മാത്രം മുന്നോട്ടുപോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിവരം പദ്ധതി നിർവഹണ ഏജൻസിയെ അറിയിച്ചിട്ടുള്ളതുമാണ്. അതിനാൽ ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് അനുമതി ലഭിക്കുന്ന മുറക്ക് കിഫ്ബി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**

| Annexure-1 KIIFB Funded projects in Kothamangalam LAC | | | | | |
|---|---|---|---|---|---|
| **Sl. No** | **Project Code** | **Name of the project** | **Approved Project Outlay (Rs. In Crore)** | **SPV Name** | **Work Status** |
| 1 | GED003-32 | Betterment of Infrastructure facilities in 446 Schools -1 Crore category Ernakulam, Alappuzha, Kannur, Malappuram, Kasaragod 1. GVHSS Neriyamangalam | ₹ 1.30 | KILA | Work in progress |
| 2 | GED005-37 | PPE Mission- Upgradation of one school in each constituency - Ernakulam District-Phase 3 1. Chervathur GMHSS | ₹ 5.00 | KITE | Work Completed |
| 3 | GED008-29 | Betterment of infrastructure facilities in 229 schools Ernakulam-Idukki Phase-3 Cluster 1. GVHSS Pallarimangalam | ₹ 3.00 | WAPCOS | Work Completed |
| 4 | HFW002-59 | Improvements to the infrastructure of Taluk, District and General Hospitals Development of TH Kothamangalam | ₹ 11.21 | HITES | Work completed |
| 5 | HFW002-90 | Procurement of Medical Equipment and Hospital Furniture at TH Kothamangalam | ₹ 1.15 | KMSCL | Work in progress |
| 6 | HFW006-01 | Construction of Isolation wards in Hospitals under DHS in 140 Assembly constituencies-CHC Varapetty | 1.68 | KMSCL | Work in progress |
| 7 | LSG004-01 | Establishment of Modern Crematoriums Kothamangalam Municipality | ₹ 3.82 | IMPACT Kerala | Work in progress |
| 8 | PWD004-111 | Improvements to Kothamangalam Perumbankuthu road from km 11/3000 to 19/000 | ₹ 22.09 | KRFB | Work Completed |
| 9 | PWD004-112 | Improvement works to Plamudy Kottapady Panipara Irumalappady Ooramkuzhy road km 0/000 to 16/653 in Ernakulam district | ₹ 22.66 | KRFB | Work in Progress |
| 10 | PWD013-09 | Cheranganal to Neriamangalam in Ernakulam District - Phase I. | ₹ 65.57 | KRFB | KIIFB Approved |
| 11 | RGD007-04 | Construction of 52 office buildings for Registration Department Cluster III - Construction of Sub Registrar Offices at ,Kothamangalam | ₹ 1.86 | KSCC | Work Completed |
| 12 | SCD002-04 | Modernisation of all Pre metric and Post metric Hostel in Kerala<br><br>Post matric hostel for girls at Neriyamangalam in Ernakulam district | ₹ 4.22 | KSCC | KIIFB Approved |
| 13 | SCD002-09 | Construction of Pre-Metric Hostel for 100 Boys at Pinavoorkudi in Ernakulam District | ₹ 3.92 | KSCC | KIIFB Approved |
| 14 | SYA004-05 | Construction of Stadium at Chelad ,Kothamangalam, Ernakulam | ₹ 17.15 | SKF | KIIFB Approved |
| 15 | WRD005-126 | Replacement of Transmission Mains in Muvattupuzha Circle | ₹ 17.71 | KWA | Work in Progress |

Section Officer